''ഭരണഭാഷ മാതൃഭാഷ''

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/3456/14

ശാന്തിനഗർ, തിരുവനന്തപുരം - 01
തീയതി : 22/07/204

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - 80% ഹാജർ ഇല്ലാത്ത ട്രെയിനികൾക്ക് പരീക്ഷ എഴുതുന്നത് -സംബന്ധിച്ച്.

സൂചന: 1) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 859/2014/തൊഴിൽ തീയതി 28/6/2014

2) 9/5/2014 ലെ ഡി.ജി.ഇ.റ്റി യിൽ നിന്നുള്ള അറിയിപ്പ്.

2014 ആഗസ്റ്റിൽ ആരംഭിക്കുന്ന സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് 80% ഹാജർ കുറവാണെന്നും, ആയതിനാൽ പരീക്ഷ എഴുതുന്നതിനായുള്ള അനുവാദം നൽകണമെന്നും നിരവധി ട്രെയിനികൾ ആവശ്യപ്പെട്ടിടുണ്ട്. ഇക്കാര്യത്തിൽ ട്രെയിനിംഗ് മാന്വൽ ഖണ്ഡിക 19(ബി),(സി),(ഡി) പ്രകാരവും, സൂചന (1) ലെ സർക്കാർ ഉത്തരവ് സൂചന (2) ലെ ഡി.ജി.ഇ.റ്റി യുടെ അറിയിപ്പും അനുസരിച്ചുള്ള നടപടികൾ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്. സൂചനയിലെ സർക്കാർ ഉത്തരവിന്റേയും, ഡി. ജി.ഇ.റ്റി യുടെ അറിയിപ്പിന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഓരോ സെമസ്റ്ററിലും ട്രെയിനിംഗ് മാന്വൽ അനുശാസിക്കും പ്രകാരം അഖിലേന്ത്യാ പരീക്ഷ എഴുതുന്നതിന് 80% ഹാജർ നിർബന്ധമാണെന്ന വിവരം എല്ലാ ട്രെയിനികളേയും അറിയിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം:- സൂചന കത്തുകൾ

പകർപ്പ്:- വെബ്സൈറ്റ്

R 22.7.14

-135-

03 JUL 2014 22170

**കേരള സർക്കാർ**

**സംഗ്രഹം**

വ്യാവസായിക പരിശീലന വകുപ്പ് - 80 % ഹാജർ കുറവായതിനാൽ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതാതെ രണ്ടാം സെമസ്റ്ററിൽ പരിശീലനം തുടരുന്ന ട്രെയിനികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകിയ ട്രെയിനിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും (സി) വകുപ്പ്**

സ.ഉ. (സാധാ) നം. 859/2014/തൊഴിൽ തിരുവനന്തപുരം, തീയതി 28.6.2014

---

പരാമർശം - 1. ട്രെയിനിംഗ് ഡയറക്ടറുടെ 18.6.2014 ലെ എഫ്3/3456/2014 (1) നമ്പർ ചുറ്ററിയിപ്പ്.
2. ട്രെയിനിംഗ് ഡയറക്ടറുടെ 20.6.2014 – ലെ എഫ്3/3456/2014 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിൽ ഒന്നാം സെമസ്റ്ററിൽ 80% ഹാജർ തികയാത്തതുമൂലം പരീക്ഷയെഴുതാൻ സാധിക്കാതെ രണ്ടാം സെമസ്റ്ററിൽ പഠനം തുടർന്നിരുന്ന ട്രെയിനികൾ ഒന്നാം സെമസ്റ്ററിൽ ആവശ്യം വേണ്ട ട്രെയിനിംഗ് ഇതിനകം പൂർത്തീകരിക്കുകയും രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ജൂലൈ 2014 ൽ നടത്തുന്ന ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയോടൊപ്പം എഴുതുവാനും രണ്ടാം സെമസ്റ്റർ പരീക്ഷ ജൂലൈ 2014-ലെ രണ്ടാം സെമസ്റ്റർ പരീക്ഷയോടൊപ്പം എഴുതുവാനും അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ചുറ്ററിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ട്രെയിനിംഗ് ഡയറക്ടറുടെ പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് പരാമർശം (2) ലെ കത്തു പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ സെമസ്റ്റർ സമ്പ്രദായം DGE&T ആരംഭിച്ചത് 2013 ആഗസ്റ്റിലാണ്. ഹാജർ സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും DGE&T ലഭ്യമാക്കിയിരുന്നില്ല. ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് 80% ഹാജർ തികയാതിരുന്ന ട്രെയിനികൾ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഹാജർ ഇല്ലാത്തതുകാരണം ഹാൾടിക്കറ്റ് ലഭിക്കാത്തതിനാൽ പരീക്ഷ എഴുതുവാൻ സാധിക്കാതെ വരികയും രണ്ടാം സെമസ്റ്ററിൽ പഠനം തുടരുകയും ചെയ്തു. ടി ട്രെയിനികളുടെ അപേക്ഷ പരിഗണിച്ച്, പരാമർശം (1) ലെ ചുറ്ററിയിപ്പ് പുറപ്പെടുവിച്ച ട്രെയിനിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. ടി അനുമതി 2014 ജൂലൈയിൽ നടക്കുന്ന സെമസ്റ്റർ പരീക്ഷയ്ക്ക് മാത്രമായിരിക്കും എന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ട്രെയിനികളുടെ ഭാവി പരിഗണിച്ച് പരാമർശം (1) ചുറ്ററിയിപ്പ് പുറപ്പെടുവിച്ച ട്രെയിനിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനുവേണ്ടി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Gmail   itd trivandrum <deputydirectoroftraining@gmail.com>

# URGENT - KERALA STATE - AITT JULY 2014 - SEM- REG

2 messages

itd trivandrum <deputydirectoroftraining@gmail.com>   Tue, May 6, 2014 at 4:34 PM
To: singh.amritpal@nic.in

Sir,
Please see the attachment
Trade Test Officer

DGET.pdf
52K

Amrit Pal Singh <singh.amritpal@nic.in>   Fri, May 9, 2014 at 10:30 AM
To: itd trivandrum <deputydirectoroftraining@gmail.com>

Sir,

Please refer to your letter attached to your email dated 6th May, 2014. In this regard it is informed that the trainee who could not appear in the first semester exam due to shortage of attendance will have to **continue in the first semester**.

--
Regards
Amrit Pal Singh
Deputy Director of Training,
Directorate General of Employment & Training,
Government of India,
Ministry of Labour & Employment,
Shram Shakti Bhawan,
Rafi Marg, New Delhi-110001
Tel: 011-23355672
[Quoted text hidden]